(ഡി) ആർക്കും ഇതുവരെ മെഷീൻ നൽകിയിട്ടില്ല;

(ഇ) വലിയ പർച്ചേസ് ആയതിനാൽ ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ട്. അതിനാലാണ് കാലതാമസമുണ്ടാകുന്നത്. നടപടിക്രമങ്ങൾ പൂർത്തിയാക്കിവരുന്നു.

പഞ്ചായത്ത് ജീവനക്കാർക്ക് പ്രോവിഡന്റ് ഫണ്ട്

76 (1437)ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാന ജീവനക്കാരായി അംഗീകരിച്ചിട്ടും പഞ്ചായത്തു വകുപ്പിലെ ജീവനക്കാർക്ക് പ്രോവിഡന്റ് ഫണ്ട് നടപ്പാക്കാത്തത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പഞ്ചായത്ത് ജീവനക്കാരെ സർക്കാർ ജീവനക്കാരാക്കിയതിനെ തുടർന്ന് അവർക്ക് ജനറൽ പ്രോവിഡന്റ് ഫണ്ടിൽ അംഗത്വം നൽകുന്നതിന് അക്കൗണ്ടന്റ് ജനറലിന്റെ നിർദ്ദേശാനുസരണം എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ ഹെഡ്ക്വാർട്ടേഴ്സിൽ നിന്നും തടസ്സം നീക്കി ലഭിക്കാതെ ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കാൻ നിർവ്വാഹമില്ല എന്ന് അക്കൗണ്ടന്റ് ജനറൽ അറിയിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ ഇക്കാര്യം അക്കൗണ്ടന്റ് ജനറലുമായി അടിയന്തിരമായി ചർച്ച നടത്തി പഞ്ചായത്തു ജീവനക്കാരെ ജി.പി.എഫിൽ അംഗങ്ങളാക്കുന്നതിനും അതുവരെ ടി ജീവനക്കാരെ കെ.പി.ഇ.പി.എഫിൽ തുടരാൻ അനുവദിക്കുന്നതിനുമുള്ള സത്വര നടപടി സ്വീകരിക്കാൻ ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

മുത്തേടം പഞ്ചായത്തിലെ സെക്രട്ടറി - നിയമനം

77 (1438)ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മുത്തേടം പഞ്ചായത്തിൽ 1999-2000 സാമ്പത്തിക വർഷത്തിൽ ഇതിനകം എത്ര പ്രാവശ്യം സെക്രട്ടറിമാരെ മാറ്റി നിയമിച്ചിട്ടുണ്ട്;

(ബി) സ്ഥിരമായി സെക്രട്ടറിമാർ ഇല്ലാത്തതിനാൽ വികസന പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടും എന്നത് പരിഗണിച്ച് സ്ഥിരമായി ഒരു സെക്രട്ടറിയെ നിയമിക്കാൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) മുത്തേടം ഗ്രാമപഞ്ചായത്തിൽ 1999-2000 സാമ്പത്തിക വർഷത്തിൽ 4 സെക്രട്ടറിമാരെ മാറ്റി നിയമിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജീവനക്കാർക്ക് പ്രൊമോഷൻ ലഭിച്ചതുമൂലവും സസ്പെൻഷൻ നടപടികളെ തുടർന്നും, ലീവിൽ പ്രവേശിച്ചതുകൊണ്ടുമുണ്ടായ ഒഴിവാക്കാനാകാത്ത സാഹചര്യത്തിലാണ് പുതിയ സെക്രട്ടറിമാരെ നിയമിക്കേണ്ടിവന്നത്.

മൂടാടി ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനം

78 (1439)ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കൊയിലാണ്ടി മണ്ഡലത്തിലെ മൂടാടി ഗ്രാമപഞ്ചായത്തിൽ ആകെ എത്ര ജീവനക്കാരുണ്ട്,

(ബി) ഏതെല്ലാം തസ്തികകളിലാണ് ജീവനക്കാരില്ലാത്തത്;

(സി) പ്രസ്തുത തസ്തികകളിലെ ഒഴിവ് നികത്താൻ എന്തെല്ലാം നടപടികളാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ആകെ 13 ജീവനക്കാരുണ്ട്.

(ബി) 3 എൽ.ഡി.ക്ലാർക്ക് തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു.

(സി) എൽ.ഡി.ക്ലാർക്കിന്റെ പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ആളെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുകയും ലിസ്റ്റ് ലഭിക്കുകയും ചെയ്തിട്ടുണ്ട്. നിയമനത്തിന് ഏർപ്പെടുത്തിയിട്ടുള്ള സ്റ്റേ പിൻവലിച്ചാലുടൻ ഒഴിവു നികത്തുന്നതാണ്.

സംസ്ഥാന ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ടിൽ ഗ്രാമവികസന വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരെ നിയമിക്കാൻ നടപടി

79 (1440)ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാന ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ടിൽ ഗ്രാമവികസന വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരെ നിയമിക്കാൻ ഗവൺമെന്റ് തലത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

സംസ്ഥാന ജില്ലാ ഗ്രാമവികസന ഏജൻസിയിലെ അക്കൗണ്ട്സ് ഓഫീസർ തസ്തിക

80 (1441)ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly